തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, കീരംപാറ പഞ്ചായത്ത് യോഗങ്ങളുടെ മിനിട്ട്സിന്റെ കോപ്പി തനിക്ക് നൽകുന്നില്ലെന്നും അത് കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്നും പ്രസ്തുത പഞ്ചായത്തിന്റെ 1999-2000 വർഷത്തെ പദ്ധതി രേഖയ്ക്ക് ഡി.പി.സി. അംഗീകാരം നൽകരുതെന്നും അംഗീകാരം നൽകിയിട്ടുള്ളത് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 11-6-1999-നും 7-7-1999-നും IV-ാം വാർഡ് അംഗമായ ശ്രീമതി മെഴ്സി വർക്കിയും ഭർത്താവ് ശ്രീ. കെ. പി. വർക്കിയും കൂടി നൽകിയ പരാതികളെക്കുറിച്ച് അന്വേഷിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. 1999 ആഗസ്റ്റ് മുതൽ അന്വേഷണം നടന്നുവരികയാണ്. മേൽ വിചാരണ വേളയിലും അല്ലാതെയും ശ്രീ. വർക്കിയും ഭാര്യ ശ്രീമതി മേഴ്സി വർക്കിയും കീരംപാറ ഗ്രാമ പഞ്ചായത്തിനെതിരെ നിരവധി പരാതികൾ നൽകിയിരുന്നു. ഇതിനിടെ അവർ ഹൈക്കോടതിയിൽ നൽകിയ 19307/99-ാം നമ്പർ കേസിൽ 26-11-1999-ൽ ഉണ്ടായ വിധിയിൽ തുടങ്ങി വച്ച അന്വേഷണം രണ്ടു മാസത്തിനകം തീർപ്പു കല്പിക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതിനിടെ 12-1-2000-ൽ പഞ്ചായത്ത് പ്രസിഡന്റ് അഡീഷണൽ ചീഫ് സെക്രട്ടിക്കും 31-2-2000-ൽ എനിക്കും നൽകിയ പരാതിയിൽ അന്വേഷണ ഉദ്യോഗസ്ഥനെ സംബന്ധിച്ച് ഗുരുതരമായ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരുമായി പക്ഷം ചേർന്ന് പരാതിയെക്കുറിച്ച് തെളിവെടുപ്പു നടത്തി തീരുമാനമാക്കാതെ ആവശ്യമില്ലാതെ നീട്ടിക്കൊണ്ടുപോകുകയാണെന്നും പഞ്ചായത്തിന്റെ 1999-2000-മാണ്ടിലെ പദ്ധതി നടത്തിക്കാതിരിക്കാൻ പരാതിക്കാരുമായി കൂട്ടു നിൽക്കുകയാണെന്നും പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്നും നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നും ആരോപിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ അഡീഷണൽ സെക്രട്ടറിയെ അന്വേഷണ ചുമതലയിൽനിന്നും ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് നേരിട്ട് അന്വേഷിക്കാൻ ഉത്തരവായിരിക്കുകയാണ്.

(14) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര പ്രദേശത്തെ പുതിയ പഞ്ചായത്ത്

ശ്രീ. ജോസ് ബേബി : സംസ്ഥാനത്തെ ഏറ്റവും വലിപ്പമുള്ള പഞ്ചായത്തുകളിലൊന്നാണ് മണ്ണാർക്കാട്ടെ അലനല്ലൂർ പഞ്ചായത്ത്. ഏറെക്കാലമായി വികസന പ്രവർത്തനം അധികമൊന്നുമില്ലാത്ത അലനല്ലൂർ പഞ്ചായത്തിലെ എടത്തനാട്ടുകര എന്ന പ്രദേശത്ത് ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രോപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ നിരന്തരമായ ആവശ്യം അവിടെ ഒരു പുതിയ പഞ്ചായത്ത് ഉണ്ടാക്കണം എന്നതായിരുന്നു. ആ പ്രദേശത്ത് ഒരു പഞ്ചായത്ത് ഉണ്ടായെങ്കിൽ മാത്രമേ വികസനപ്രവർത്തനങ്ങൾ സാദ്ധ്യമാവുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുൻകൈയെടുത്ത് അലനല്ലൂർ പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് എടത്തനാട്ടുകരയിൽ പുതിയ ഒരു പഞ്ചായത്ത് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : 20 ഗ്രാമപഞ്ചായത്തുകളാണ് വിഭജിക്കാൻ തീരുമാനിച്ചത്. വിഭജനത്തിന്റെ മാനദണ്ഡം 1991-ൽ അൻപതിനായിരം ജനസംഖ്യ എന്നതായിരുന്നു. രണ്ടാമത്തേത് വളരെ വിസ്താരമേറിയ പ്രദേശത്ത്, ഒരു പഞ്ചായത്ത് ഭരണത്തിൽ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുവെന്ന് കാണുന്ന പ്രദേശങ്ങൾ വിഭജിക്കുന്നതിനു വേണ്ടി തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് 20 പഞ്ചായത്തുകൾ വിഭജിക്കാൻ തീരുമാനിച്ചത്. അലനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 1991-ലെ ജന സംഖ്യ 39136 ആയിരുന്നു. മറ്റു പഞ്ചായത്തുകളെക്കാൾ വിസ്തൃതി കുറവായിരുന്നു. നിരവധി പഞ്ചായത്തുകൾ ഇപ്പോഴും വിഭജിക്കാൻ കിടപ്പുണ്ട്. അതുകൊണ്ട് ഈ വിഭജന ഘട്ടത്തിൽ അത് ഉൾപ്പെടുത്താൻ നിവൃത്തിയില്ല. അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം നമുക്ക് പരിശോധിക്കാം.

V ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. എൻ. ആർ. ബാലൻ : സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. കർക്കശമായ സാമ്പത്തിക അച്ചടക്കത്തിൽ അധിഷ്ഠിതവും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്നതും കാർഷിക-വ്യാവസായിക-തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതും ദുർബല ജന വിഭാഗങ്ങൾക്ക് ഒട്ടേറെ സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതുമായ ബഡ്ജറ്റാണ് ബഹുമാന്യനായ ശിവദാസമേനോൻ നിയമസഭയിൽ അവതരിപ്പിച്ചത് എന്നുള്ളതുകൊണ്ടാണ് ആ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ സസന്തോഷം സ്വാഗതം ചെയ്യുന്നത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള ചർച്ചകൾ ഇന്നലെ മുതൽ നടക്കുകയാണ്. അപ്പുറത്ത് ഇരിക്കുന്ന ബഹുമാന്യനായ ആര്യാടൻ മുതൽ എന്റെ സുഹൃത്ത് കൂടിയായ ശ്രീ. കെ. സി. ജോസഫ് വരെയുള്ള പ്രതിപക്ഷ അംഗങ്ങളുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ കേരളത്തിലെ പ്രതിപക്ഷം വളരെ ബോധപൂർവ്വം ഉറക്കം നടിക്കുകയാണ് എന്ന തോന്നലാണ് എനിക്ക് ഉണ്ടായത്. ഇൻഡ്യാ രാജ്യം ഇന്ന് നേരിടുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചോ ആ പ്രതിസന്ധിക്ക് ഇടയാക്കിയതിന് ഉത്തരവാദികളായവരെക്കുറിച്ചോ ആ പ്രതിസന്ധി സംരക്ഷിക്കാനാണ് എന്ന പേരിൽ നമ്മുടെ രാജ്യത്തെയും ജനങ്ങളേയും ദ്രോഹിക്കുന്ന രീതിയിൽ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടു വന്ന പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ചോ പരാമർശങ്ങളെക്കുറിച്ചോ ഒരു വാചകം പോലും പറയാൻ ബോധപൂർവ്വം പ്രതിപക്ഷം സന്നദ്ധമായില്ല എന്നതു പ്രതിപക്ഷത്തെ തന്നെ പുനർചിന്തനത്തിന് വിധേയമാക്കേണ്ട കാര്യമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. എന്താണ് നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി ? ദേശീയ രാഷ്ട്രീയത്തിൽ അനുകൂലമായും പ്രതികൂലമായും നിലനിൽക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളുടെ റിഫ്ളക്ഷൻ കേരളത്തിൽ ഉണ്ടാകും. സാമ്പത്തിക മേഖലയിൽ അനുകൂലമായും

LIBRARY ARCHIVES Kerala Legislative Assembly